(സി) സുകൃതം പദ്ധതി നടപ്പാക്കുന്നതിലേക്കായി കേരള കാൻസർ കെയർ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ഇതിന്റെ ധനസമാഹരണത്തിനും വിനിയോഗത്തിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ നോഡൽ ഓഫീസർമാരെ പ്രഖ്യാപിക്കുകയും (പി.ആർ.ഒ.) ഇതിന്റെ മേൽനോട്ട ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എല്ലാ സ്ഥാപനങ്ങൾക്കും കോർപ്പസ് ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നത്

27(725) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

## റാന്നി താലൂക്കാശുപത്രി

28(726) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി. റ്റി .എച്ച് ക്യൂ.-വിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ; ഏതൊക്കെ തസ്തികകളിലാണ് ഇപ്പോൾ ആളില്ലാതെ ഉള്ളത്;

(ബി) വർക്കിംഗ് അറേഞ്ച്മെന്റിൽ ആരൊക്കെ ഏതൊക്കെ തസ്തികകളിൽ ഇവിടെ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) റ്റി.എച്ച്.ക്യൂ. ആശുപത്രിയുടെ നിലവാരത്തിൽ പ്രവർത്തിക്കുന്ന ഒരാശുപത്രിയിൽ വേണ്ട തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ശബരിമലയുടെ താലൂക്കാശുപത്രിയായ റാന്നിയിൽ ഇനിയും റ്റി.എച്ച്.ക്യൂ. നിലവാരത്തിലുള്ള തസ്തികകൾ പൂർണ്ണമായി അനുവദിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly